


Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# അസ്ഥിയുടെ പൂക്കൾ

ഗ്രന്ഥകർത്താ:

ചങ്ങമ്പുഴ കൃഷ്ണപിള്ള എം. ഏ.

ഇടപ്പള്ളി.

PUBLISHERS:

THE MANGALODAYAM LTD.,

TRICHUR.

Digitized By Kerala Sahitya Akademi

1st. Edition: Copies 1000

*All rights*
*Strictly Reserved and kept by*
***Mrs. SREEDEVI CHANGAMPUZHA***
*"Sree Devi Mandiram"*
***EDAPPALLY***
*(N. Travancore)*

Price:
12 As.

Printed at
The Mangalodayam Pres
Trichur.

Digitized By Kerala Sahitya Akademi

# കവിതകൾ

1. തമസ്സിൽ
2. ആശ്രമമൃഗം
3. വജ്രമാല
4. അസ്ഥിയുടെ പൂക്കൾ
5. ചപലകേളി
6. വാളും കത്തിയും
7. രക്തരക്ഷസ്സ്
8. കങ്കാളകേളി

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# തമസ്സിൽ

നിശ്ചലം നീലനിശീഥം—ചിരിച്ചുതാ
നിൽക്കുന്നു മുന്നിൽ നീ, വെള്ളിനക്ഷത്രമേ!
ദൂരെ, മജ്ജാസ്ഥിരക്താദിശക്തിക്കുമെ
ദൂരെ, "പ്പുണരുകെ"ന്നോതിനിൽക്കുന്നു നീ.
മർത്ത്യോദിതാലക്തികോൽക്കടശക്തിയായ്
മത്സരിച്ചീടുമീ മത്സിരാമണ്ഡലം,
സൽക്കാരശാല തുറക്കുന്നതെന്നി,ല-
സ്സ്വപ്നവർണ്ണങ്ങൾ കൈകോർത്തു നിന്നാടുവാൻ.
എന്നാൽ,ക്കറുപ്പും വെളുപ്പുമല്ലാതെ വേ-
റൊന്നുമി,ല്ലെല്ലാമിരുട്ടാണു ചുററിലും.
ചുററുമിരുട്ടാണു മുജ്ജന്മമെന്നപോ-
ലററംപെടാത്തൊരറിയായ്മയെന്നപോൽ.
നീമാത്രമേയുള്ളു വെണ്മ —നിൻചാരെയാ-
നീലമേഘം വീണുറങ്ങീ—ചിരിപ്പു നീ!
നീയും കറുക്കുമോ, ദൂരം ചതിക്കുമോ
നീയും കരിക്കട്ടതന്നെയോ, മായികേ?

നിന്നെക്കൊതിപ്പു ഞാ,നെന്നെത്തഴുകുവാൻ
നിന്നിടുന്നൂ സർവ്വസന്നദ്ധയായി നീ.

Digitized By Kerala Sahitya Akademi

എങ്കിലുമാവൽച്ചിറകടി ചീററുന്ന
പങ്കിലാകാശമകററുന്നു നമ്മളെ!

സ്പന്ദിപ്പൂ മന്ഥനം—മേഘമുറങ്ങട്ടെ
മന്ദഹസിക്കൂ നീ, സങ്കല്പലോലുപേ!
നീയും തുടിപ്പിതോ നിസ്സഹായേ, ഹന്ത
നീറിടുന്നോ നിൻമൃദുലഹൃദയവും.
അങ്ങെഴും ദിവ്യസപര്യയിലുല്ലാസ-
ഭംഗമുൾച്ചേർന്നു വിളർത്തുപോയ് നിന്മുഖം.
പോരികിങ്ങോട്ടെൻ നഖങ്ങളാൽ നിന്നിളം
താരെതിർമെയ്യിലള്ളിപ്പിടിച്ചങ്ങനെ
രക്തം പൊടിപ്പിച്ചു നിന്നെപ്പിടപ്പിച്ചു
മത്തടിച്ചാർത്തു രസിച്ചിടട്ടൊന്നു ഞാൻ.
കാണമാത്രമാവൊന്നടുപ്പിക്കിലാ,ലോല-
വീണാരവത്തിലു,മെന്തെങ്കിലും നഖം.
കേണിടുംനേരവും കോരിത്തരിപ്പിപ്പ-
താണെന്റെ ശോണോജ്ജ്വലാശ്ലേഷമാലകൾ.

ആ വിണ്ണിൽ മുള്ളുകളില്ല, രസമില്ല
ഭൂവാണു കാമ്യം വരികയങ്ങോട്ടു നീ.
ഉദ്രസം ഗൂഢമായ് കീഴ്പോട്ടു പാഞ്ഞീട-
മെത്ര നക്ഷത്രങ്ങൾ കണ്ടിരിക്കുന്നു ഞാൻ!
വേദാന്തമെന്തു പറകിലും ജന്മങ്ങൾ
വേണം കുറച്ചൊക്കെ നോവണം ജീവിതം.

Digitized By Kerala Sahitya Akademi

എന്നോടു മന്ത്രിപ്പൂ മാംസം "ചതിയ്ക്കില്ല
നിന്നെയെന്നാളുമക്കാററിനേപ്പോലെ ഞാൻ.
പുഞ്ചിരിതൻ പൊൻകിനാവാണു കണ്ണീരിൽ
നെഞ്ചിടിപ്പേററുന്ന ജാഗരമല്ല ഞാൻ."
വായുവെന്നോടുപദേശിച്ചു—"പാടില്ല
വാടി നീ വീഴുമൊരുദിനം,മെങ്കിലും,
എന്തിലുമുൾച്ചേർന്നിടും നിൻദിവ്യസൌരഭം
നന്നു നീയെന്നെത്തലോടു നക്ഷത്രമേ!
സ്വപ്നപ്രിയനെൻെറ മാംസത്തിനൊത്തിടും
സ്വർഗ്ഗം രചിയ്ക്കാ,നമൃതം പകരുവാൻ......

*　　　*　　　*　　　*

എന്തു സൌരഭ്യമെൻചുററുമെൻചുണ്ടത്തു
ചെന്തളിർച്ചുണ്ടൊന്നമരുന്നു ഗാഢമായ്!
മേഘം മറഞ്ഞു, നീ പോന്നു, തമസ്സിൻെറ
മേചകത്തോപ്പിലൊളിച്ചൊളിച്ചെത്തി നീ.
ഇല്ല നിനക്കുമെനിയ്ക്കും ചിറകുകൾ
ഇല്ല നമുക്കു പരിവേഷരശ്മികൾ.
താരമായ്ത്തോന്നീ നിനക്കു ഞാനും—ശരി
ദൂരം ചതിച്ചു,—ഹാ, തെററിദ്ധരിച്ചു നാം.
എങ്കിലെന്തേതു ദേവനും കിട്ടാത്ത
സന്തോഷമൂർച്ഛയ്ക്കധീനരാണിന്നു നാം.
മന്നിലേപ്പൂപ്പൊട്ടി വാടിക്കരിഞ്ഞുപോം
വിണ്ണിലെ മേഘവും മാഞ്ഞുമറഞ്ഞുപോം.

Digitized By Kerala Sahitya Akademi

എല്ലാമിരുട്ടും വെളിച്ചവും ചേർന്നതാ-
ണില്ലാ തനിച്ചൊ,ന്നഖിലവും സങ്കരം!

നിർമ്മാംസമെന്നെസ്സുഖിപ്പിപ്പൂ—രശ്മികൾ
കന്മഷാരോപണംചെയ്കകറ്റീടിലും

സ്വപ്നം തമസ്സിലേ പൂക്കൾ തമസ്സിന്റെ
തല്പത്തിലത്ഭുതസ്വർഗ്ഗമീക്ഷിപ്പൂ ഞാൻ.

മറ്റു സത്യത്തിൻ ശരികളേക്കാട്ടിലും
മൽസ്വപ്നമേ, നിന്റെ തെറ്റിനിച്ഛിപ്പൂ ഞാൻ.

മണ്ണടിഞ്ഞീടുമെൻ മാംസം വളംവെച്ച
മന്ദാരവൃക്ഷം വിഷവൃക്ഷമാകുമോ?...

Digitized By Kerala Sahitya Akademi

# ആശ്രമമൃഗം

ആഗമതത്വവിചക്ഷണനാകമാ-
യോഗീശ്വരനെ സ്തുതിപ്പു ലോകം.
ഗീതയരച്ചു കുടിച്ചവനാണുപോൽ
ചേതസ്സിൽ ചൈതന്യമുള്ളവൻപോൽ
ത്യാഗപരിമളസാരമീ വിസ്തൃത-
ലോകംമുഴുവൻ പരത്തുംപോൻ പോൽ
ആയിരമായിരമാശ്രമങ്ങൾക്കധി-
നായകനാണുപോൽ, സാത്വികൻപോൽ
വേദവേദാന്തപാരംഗതനാണുപോൽ
മേദിനി നേടിയ മൌക്തികംപോൽ!......

രാവിലെ കന്നാലി പൂട്ടുവാൻ പാടത്തു
പോവുന്ന മൂഢൻ ഞാനെന്തറിഞ്ഞു?
ഞാനെഴുത്തൊന്നും പഠിച്ചില്ല—ലേശവും
ജ്ഞാനമെനിക്കില്ല, വൃദ്ധനായ് ഞാൻ.
ഇന്നേഴു കുഞ്ഞുങ്ങൾക്കച്ഛനാണെങ്കിലും
സന്യാസിമാരെ ഞാനാദരിപ്പൂ.
ഇപ്പുഞ്ചപ്പാടവും നെല്ലും പണങ്ങളു-
മിപ്പോൾ ഞാൻ തീർത്താമീ മാളികയും,
ഇന്നു കൈവിട്ടിട്ടുടുമുണ്ണിക്കൂടിയു-
മില്ലാതിവിടുന്നു പോകണം ഞാൻ
നന്നായറിയാമെനിക്കിതതുകൊണ്ടു
സന്യാസിമാരെ ഞാനാദരിപ്പൂ!......

Digitized By Kerala Sahitya Akademi

നാണിക്കു നാൾമുറ മാറി—യവസാനം
നാരായണനെയെനിക്കു നൽകി
പത്തുവയസ്സു കഴിഞ്ഞൊരെൻ നാണുവെൻ
ചിത്തം മുഴുവനും തീറെടുത്തു.
ചേലിൽ വെളുത്തു കൊഴുത്തൊരു സദ്ഗുണ-
ശീലനാം ബാലനാണക്കുമാരൻ.
മറ്റുള്ളതൊക്കെത്തറിച്ചവരാൺമക്കൾ
കുറ്റപ്പെടുത്തിടും ഞാനവരെ.
പെൺമക്കളോടെനിക്കില്ല വഴക്കൊട്ടും
കൺമണിമാരവർ ശാലിനികൾ
നാണുവിൻ ശാന്തസ്വഭാവവും നന്മയും
പ്രാണാനുഭൂതി പകർന്നിതെന്നിൽ
ആകയാലെന്നന്ത്യസന്താനമുണ്ണിയൊരു
യോഗീശനാകുവാൻ ഞാൻ കൊതിച്ചു.
ആശ്രമത്തിങ്കലയച്ചു ഞാൻ...... ചിത്തത്തി-
ലാശ്വാസമായി, കൃതാർത്ഥനായി!......

*   *   *

വത്സരം രണ്ടു കഴിഞ്ഞുപോയ്—അന്നൊരു
വർഷാന്തയാമിനിയായിരുന്നു.
ആ വാനും ഭൂവും തിരിച്ചറിഞ്ഞീടുവാ-
നാവാതിരുട്ടു പൊതിഞ്ഞിരുന്നു.
ഇല്ലൊരു നക്ഷത്രം കാറും കൊടുങ്കാറ്റു-
മല്ലും മദിച്ചു പുളച്ചുനിന്നു.

Digitized By Kerala Sahitya Akademi

കമ്പിളിപ്പുതപ്പുതപ്പും പുതച്ചു ഞാൻ
കമ്പിതതാന്തശരീരനായി.
നാണിയിടിച്ചു തന്നീടിന താംബൂലം
മോണയാൽ മദ്ദിച്ചുകൊ,ണ്ടവിടെ
തെക്കേത്തളത്തിൽ വിവിധവിചാരങ്ങ-
ളുൾക്കാമ്പിലുൾച്ചേർന്നിരുന്നു......

കാവിവസ്ത്രത്തിൽ, മെതിയടി തൻപുറ-
ത്താവലം കൈത്താരിൽ യോഗദണ്ഡും,
വാമഹസ്തത്തിൽ പിടിമൊന്തയുമായി
ശ്രീമയദീപ്തി മുഖത്തു ചാർത്തി
പാപാന്ധകാരമകററി,പ്പരവശ-
പാലനലോലനായ്, ജ്ഞാനിയായി
'ചിന്മയാനന്ദ'നായ് സഞ്ചരിച്ചീടുന്നി-
തെന്മകൻ,—കോൾമയിർക്കൊണ്ടുപോയ് ഞാൻ
പിന്നിലായെത്രപേർ, കാണ്മവരൊട്ടുക്ക
വന്നു കാൽ തൊട്ടു ശിരസ്സിൽ വെയ്പൂ!......
അക്കാഴ്ച ദൈവമേ, നേരിട്ടുകാണാനൊ-
ന്നൊക്കാതെയെൻകണ്ണടയുമല്ലോ!......

പെട്ടെന്നൊരു കൂർത്ത മുള്ളുകൊണ്ടെന്മനം
ഞെട്ടി,—ഞാൻ നാണിതൻ നേർക്കു നോക്കി
അക്കവിളൊട്ടിയോരോമനത്തുമുഖം
ദുഃഖത്തിൻ കണ്ണാടിയായിരുന്നു.

Digitized By Kerala Sahitya Akademi

നിസ്തുലഗാഢപ്രണയാർദ്രമായൊരാ
ഹൃത്തിൻ വിശുദ്ധനിഗൂഢതയിൽ

ഏകാന്തശാന്തിയിൽ നൂലിട്ടു നില്ക്കുമ-
ശ്ശോകാർദ്ര ചിന്തയെ,ന്താർക്കറിയാം?......

പല്ലു കൊഴിഞ്ഞൊരത്തൂവായ്മലരണി-
ച്ചില്ലൊളിപ്പുഞ്ചിരിപ്പൂനിലാവിൽ,

ഉത്തമപ്രേമാനുഭൂതികൾ മേളിച്ചു
മത്തടിക്കുന്നിതെൻ ചിത്തമിന്നും!

മൃത്യു വന്നെത്തിപ്പിരിക്കുമോ ഞങ്ങളെ
ശപ്തദിനമതടുക്കലാണോ?......

മിന്നൽ, കൊടുങ്കാററു, പേമഴ—തെല്ലൊന്നു
കണ്ണടയ്ക്കാമിനി, വൈകി നേരം.

"അമ്മേ!" വിളിക്കുയാണാരോ"തുറക്കുകീ-
യുമ്മറവാതിൽ!" എൻനാണമല്ലേ

കോരിത്തരിപ്പോടെ വെമ്പിയെണീററു ഞാൻ
പാരം വിറയ്ക്കുന്ന മെയ്യുമായി.

നാണി പോയ് വാതിൽ തുറന്നു—നനഞ്ഞൊററി
നാണു വിറകൊണ്ടകത്തു വന്നു.

കാവിമുണ്ടല്ലാ വെളുപ്പു, വെളു"പ്പൊട്ടെ
നീ വന്നതെന്തേ?—നനഞ്ഞല്ലോ നീ!

മുണ്ടു മാറീടുക!"......കാരണം കൂടാതൊ-
രിണ്ടലന്നെന്നിലിഴഞ്ഞുകേറി

Digitized By Kerala Sahitya Akademi

തെല്ലുനേരത്തേയ്ക്കാ രാത്രിയെന്നോണമൊ–
രല്ലലെൻെറ ഹൃത്തിൽ പതിയിരുന്നു.
വസ്ത്രങ്ങൾമാററിത്തലതോർത്തി വീണ്ടുമെൻ
പുത്രനെൻ മുന്നിലായ് വന്നു നിന്നു

"നീ വന്നതെന്തേ വിചാരിച്ചിരിക്കാതെ
രാവിലിരുട്ടിലിപ്പേമഴയിൽ?"

"ആശ്രമം വിട്ടു ഞാൻ!"—എന്തു്?—ഞാൻ ഞെ
"ആശ്രമം വിട്ടു ഞാനെന്നെന്നേയ്ക്കും!" (ട്ടിപ്പോയ്,
"എന്തെൻമകനേ, പറയുന്നതേവം നീ?"
സന്തപ്തനായ് ഞാൻ തിരക്കി മന്ദം!"
"അസ്വാമി നല്ലതല്ലച്ഛാ വെറും മൃഗം",
അശ്രുപൊടിഞ്ഞിതാക്കണ്ണിണയിൽ.
ഞാനമ്പരന്നു......സന്ന്യാസിക്കു കോപമോ
ജ്ഞാനിക്കും നമ്മേപ്പോൽ ഭ്രാന്തിയുണ്ടോ?
ചൊല്ലി ഞാൻ:—"വല്ലതും തെററു നിന്നിൽക്കണ്ടു
തെല്ലു നിന്നോടു കയർത്തിരിക്കാം.
ഇത്ര മറയന്നോ നീയതുമൂലമാ–
സ്സ്വാത്മകാശ്രമം കൈവെടിയാൻ?"......

"സ്വാശ്രമംതന്നെയാണത,"വഞ്ചയോ–
ടുച്ചരിച്ചീടിനാൻ നാണു വേഗം.

"പോകണം വീണ്ടും നീ!""ഇല്ലച്ഛാ, ഞാനിനി–
പ്പോകില്ലവിടെ,"ശഠിച്ചു പുത്രൻ.



Digitized By Kerala Sahitya Akademi

"സ്വാമി നിന്നോടെന്തു ചെയ്തു?" ഭാവം പകർ-
ന്നീമട്ടൊന്നട്ടഹസിച്ചുപോയ് ഞാൻ.
മിണ്ടുന്നതില്ലവൻ—നിശ്ചയം, ഹാ, ചെയ്തി-
ട്ടുണ്ടവനുഗ്രമാം കുററമെന്തോ!

"ആശ്രിതവത്സലനായോഗി നിഃന്നാടി-
ന്നാശ്രമംവിട്ടു പോകാൻ പറഞ്ഞോ?"......

"ഇല്ല, പറഞ്ഞില്ല, നേരമറിച്ചു, പോ-
കൊല്ലയെന്നെന്നോടു കേണിരന്നു."
എൻകണ്ണു രണ്ടും നിറഞ്ഞു—ഉണ്ണം വരാ-
നെൻകുഞ്ഞിനീശ്വരാ, യോഗമില്ലേ?

"ധിക്കരിച്ചെന്നിട്ടു പോന്നതെന്താണു നീ
നിൽക്കേണ്ടിവിടെത്തിരിച്ചുപോക!
അപ്പദപത്മത്തിൽ വീണുനിൻതെററിനു
മുല്പാടുചെന്നു നീ മാപ്പിരക്കു!"......

"പോകയില്ലച്ഛാ ഞാ,നെന്തച്ഛൻചെയ്കാലും
പോകില്ല ഞാനിനിയാശ്രമത്തിൽ!"

"സ്വാമി നിന്നോടെന്തുചെയ്തു?"—ഗർജ്ജിച്ചു ഞാ-
നീമട്ടു വീണ്ടും ക്ഷമയൊടുങ്ങി.

"സ്വാമിപോലും!—മൃഗം, പേമൃഗം!—
വേണെങ്കിൽ
സ്വാമിക്കൊരുത്തിയെക്കെട്ടരുതോ?... "

* * *

Digitized By Kerala Sahitya Akademi

നിന്നില്ല പിന്നെയെൻ മുന്നിലവൻ—നാണി
കണ്ണുംമിഴിച്ചു പകച്ചു നിൽപ്പൂ!
ഞാനും പകച്ചു......മനസ്സിലായില്ലൊന്നും
നാണുവിൻ ബുദ്ധിക്കിളക്കമുണ്ടോ?
പെണ്ണിനെക്കെട്ടലും സ്വാമിയും നാണുവും
തമ്മിലെന്താണൊരു ബന്ധമാവോ!
യോഗിയാക്കീടാൻ ഞാനെത്ര കൊതിക്കിലും
യോഗമില്ലെങ്കിൽ പിന്നെന്തു ചെയ്യും?
എങ്കിലുമെന്തോ തകരാറെവിടെയോ
ശങ്കയി,ല്ലുണ്ടെ,ന്തെന്നാരറിഞ്ഞു?... ...

Digitized By Kerala Sahitya Akademi

# വജ്റമാല

കാമുകരൊക്കെയും പോയി—മലീമസ-
യാമങ്ങൾ രണ്ടു കടന്നുപോയി.
ഇന്നത്രിയാമത്തിലുണ്ടവസാനത്തെ-
സ്സ്പന്ദനം പാവനം, ശാന്തിപൂർണ്ണം.
വേഗം കുളിച്ചു, 'വിലാസിനി', സമ്പൂത-
ഭാഗവതത്തിലലിഞ്ഞുചേർന്നു!

*   *   *   *

ആ വിഷവൈദ്യനെത്തട്ടിയുണർത്തിക്കൊ-
ണ്ടാവിർഭവിച്ചു നാലഞ്ചു മർത്ത്യർ
സർപ്പം കടിച്ചുപോൽ സച്ചിദാനന്ദനെ!
സ്വപ്നത്തിൽനിന്നുമുണർന്നു വൈദ്യൻ.
"എങ്ങുവെച്ചാണിന്നിസ്സംഭവം?"—ചോദിച്ചു
തിങ്ങുമുൽക്കണ്ഠയാൽ വൈദ്യവര്യൻ.
കട്ടിലിൽ നിശ്ചലനായിക്കിടക്കുന്നു
കഷ്ട,മപ്പാവം മരിച്ചിതെന്നോ?......
"ആ വേശ്യയില്ലേ,—വിലാസിനി—യാധൂർത്ത-
യാവസിയ്ക്കും ഗൃഹത്തിൻെറ മുമ്പിൽ,
ഉള്ളോരിടവഴിയിങ്കൽവെ"ച്ചോതിനാ-
രുള്ളപോലക്കാര്യമാഗതന്മാർ.
"നിത്യവും ക്ഷേത്രത്തിൽ പോകുവോനാണയാൾ"
"സാത്വികൻ", "ശുദ്ധൻ", "പരമഭക്തൻ"

Digitized By Kerala Sahitya Akademi

എന്നിട്ടും സർപ്പം കടിച്ചു!—"വിധി", "വിധി-
യെങ്ങനെ മാററുവാൻ സാദ്ധ്യമാകും?"

* * * *

വൃന്ദാവനത്തിൽ ശയിപ്പൂ വിലാസിനി
നന്ദാത്മജൻതൻ മടിത്തടത്തിൽ
ആനതമാകുന്നിതാമുഖം—കോൾമയിർ
മേനിയിലോളം തുളുമ്പിനിൽക്കേ,
തൻതളിർച്ചുണ്ടിലാ ഗീതാവതാരകൻ
മന്ദസ്മിതംപൊഴിച്ചുമ്മവെച്ചു.

"താവകസ്മാരകമായെനിക്കേകുവാൻ
ദേവി,യെന്തുണ്ടു നിൻകയ്യിലിപ്പോൾ?"

ചോദിച്ചു സസ്മിതം ഗോപാലബാലകൻ
മോദമുൾച്ചേർന്നവളേവമോതി.

"ഒന്നുമില്ലെൻകണ്ണുനീർത്തുള്ളിയല്ലാതെ"
തന്വംഗി വീർപ്പൊന്നു വിട്ടുപോയി!
"പോരാ, നീ നിത്യം ധരിച്ചീടുമാ വജ്ര-
ഹാരമെനിക്കുടനേകുക നീ!"
"വജ്രഹാരം വിഭോ മൺകട്ടയാണെനി-
ക്കുജ്ജ്വലമാം തവ മേനിയിങ്കൽ;
അല്ലല്ല, താവകപാദപത്മത്തിലെ-
ന്നല്ലലിൻ കണ്ണീരേ ചാർത്തിട്ടു ഞാൻ.
മററുള്ളതെല്ലാം മലിനങ്ങൾ, നീചങ്ങൾ,
മൽപ്രഭോ ലജ്ജിപ്പു ഞാനവയിൽ.

Digitized By Kerala Sahitya Akademi

എന്തിനേക്കാളും വിലപ്പെട്ടതാണെനി-
യ്ക്കെൻതപ്തബാഷ്പ,മതെന്തെന്നല്ലേ ?
അങ്ങാണെനിയ്ക്കേകുന്നതു, മററുള്ള-
തന്യന്മാർ നൽകുന്ന പിച്ചമാത്രം!"

"എങ്കിലുമിഷ്ടപ്പെടുന്നു ഞാനോമനേ!
നിൻകണ്ഠമണ്ഡിതവജ്രമാല്യം."

"ഞാനിതാ നൽകുന്നേൻ!..." കൈകൾ കഴുത്തി
ക്കാനയിച്ചാളുടനുന്നതാംഗി. (ലേ-
കാണുന്നതില്ല തൻഹാരം;—ശിരസ്സുടൻ
താണുപോയ് ലജ്ജയാലെന്തു ചെയ്യും?
എങ്ങതു്?—"ഞാനതു കണ്ടീല നാഥാ, ഞാ-
നിന്നതു ചാർത്തിയതായിരുന്നു."
"എന്നാലൊരുവൻ നിൻചാരെക്കിടന്നവ-
നിന്നതു മോഷ്ടിച്ചു കൊണ്ടുപോയി.
ഞാനിന്നവനെക്കടിച്ചു......നിനക്കതു
നൂനമുടൻതന്നെ വീണ്ടുകിട്ടും!"
"വേണ്ട, മജ്ജീവേശ, വേണ്ട—തൽപ്രാണനെ
വീണ്ടുമേകീടാൻ കനിഞ്ഞാൽപ്പോരും."
"നീ വേശ്യയല്ലേ വിലാസിനി?"—"ഭുവിതിൽ
ജ്ജീവേശ ഞാനൊരു വേശ്യതന്നെ."
"വേശ്യയ്ക്കുമേവം കനിവോ?"—"ഹൃദയമാ
വേശ്യയ്ക്കുമുണ്ടാകാം പ്രാണനാഥാ!"

Digitized By Kerala Sahitya Akademi

"ധന്യ നീ,"—"യങ്ങതൻ ദാസി ഞാൻ!"—പെ
കണ്ണു തുറന്നിത,ക്കമ്രഗാത്രി. (ട്ടെന്നു

വിണ്ണിൽ പുലരൊളി പുൽകുകയാണുതൻ
സ്വർണ്ണവർണ്ണാംഗങ്ങൾ മന്ദമന്ദം.

രോമഹർഷം മാഞ്ഞു പോയിട്ടി,ല്ലെങ്ങുപോയ്
കാമുകൻ വാതിൽ തുറന്നു തന്വി.

വാതിൽപ്പടിയിലിരിക്കുന്നു, ഹാ, തന്റെ
വാരൊളിചിന്നുമാ വജ്രമാല്യം.

പൂതപ്രഭാതത്തിൽക്കാണ്മൂ പുകയേതോ
പൂതിഗന്ധം വരുന്നെങ്ങുനിന്നോ!!......

Digitized By Kerala Sahitya Akademi

# അസ്ഥിയുടെ പൂക്കൾ

അസ്ഥികൾ പൂത്തു, ചിറകടിച്ചുജ്ജ്വല-
ചിത്രശലഭങ്ങളാർത്തണഞ്ഞു.

ആമോദസാന്ദ്രമായുല്ലസിച്ചീടിടുന്നാ-
രാമരന്ധ്രം നുകർന്നാത്തമോദം

പുററിപ്പറന്നവ ചോദിച്ചിതീവിധം
"തെററിൻെറ തേനും മധുരമാണോ?"

കണ്ണീരിൻ പര്യായമായൊരക്കല്ലറ
കന്നിനിലാവിൽ കുളിച്ചുനിന്നു.

സ്വച്ഛന്ദനിദ്രയിൽ മാറോടു മാർചേർന്ന-
ന്നച്ഛനുമമ്മയുമുല്ലസിക്കേ!

സ്വപ്നസമൃദ്ധിയാൽക്കൊച്ചനുജന്മാരെ
സ്വർഗ്ഗം യഥേഷ്ടമായ് സൽക്കരിക്കേ,

കൂച്ചുകൾപ്പിക്കാതെ വാതിൽ പയ്യെത്തുറ-
ന്നുച്ചലസ്പന്ദിതഹൃത്തുമായി

ഹർഷഭരിതയായ്, മന്ദാക്ഷലോലയ-
ക്കഷ്ടകകന്യ പുറത്തു വന്നു.

കാന്തനിത്തോപ്പിലത്തേന്മാവിൻചോട്ടിലാ-
ക്കാമുകകാമനൊളിച്ചുനിന്നു.

തോളോടുതോൾചേർന്നു നീങ്ങുകയായ് രണ്ടു
നീലനിഴലുകൾ പൂനിലാവിൽ!

Digitized By Kerala Sahitya Akademi

അക്കല്ലറതൻ ചവിട്ടുപടിയിലാ
സ്വർഗ്ഗീയജീവികൾ ചെന്നിരുന്നു.
പുൽക്കുളമ്പൊളിപ്പട്ടുജമ്പറിന്നുള്ളിലാ-
പ്പൊൽക്കുടം വിപ്ലവപ്പെട്ടുനിൽക്കേ,
കോമളകാമുകകഥസ്ഥാപ്പിതങ്ങളാം
കോരിത്തരിപ്പിൻെറ സാന്ത്വനങ്ങൾ,
ചൂടി,യവയ്ക്കു വികസിയ്ക്കുവാൻ്വേണ്ട
ചൂടും വെളിച്ചവും സംഭരിയ്ക്കേ,
അസ്ഥികൾ പൂത്തൊരസ്സൌരഭധോരയാ-
ലുദ്ദീപ്തയായവൾ കൊഞ്ചിയോതി:—
"ഭൂതകാലത്തിൽനിന്നാരിയെത്തുന്നൊരി-
ച്ചേതോഹരമാം പരിമളത്തിൽ,
പ്രാണനിലോത്തിടാതൊട്ടിപ്പിടിക്കുന്ന
രേണുക്കളുണ്ടാവാനെന്തു ബന്ധം?"
അമ്മഴവില്ലൊളിപ്പൂങ്കവിൾ രണ്ടിലു-
മുമ്മവെച്ചായുവാവേവമോതി:—
"അസ്ഥികൾ പൂക്കില്ല—പൂക്കുന്നൊരസ്ഥികൾ-
ക്കത്തരമത്ഭുതശക്തി കാണും!"
"നമ്മൾതന്നസ്ഥികൾ പൂക്കുമോ?"—സസ്മിതം
നർമ്മസ്വരത്തിൽത്തിരക്കിയോമൽ.
"നമ്മൾതന്നസ്ഥികൾ പൂത്തുതന്നെയാ-
ണിമ്മഞ്ജുസൌരഭമാമലാളേ!"......

Digitized By Kerala Sahitya Akademi

# ചപലകേളി

ആനന്ദദേവതേ, നീ പോയൊരാ വഴിവക്കിൽ
ഞാനെത്രനേരം നിന്നെ കാത്തുനിന്നു!
പൊന്നണിപ്പൂലരൊളി വിണ്ണിങ്കലാകമാനം
ചിന്നിപ്പരന്നതുതൊട്ടന്തിയോളം,
ശോകാന്ധകാരം തിങ്ങി രാഗതാരകൾ മിന്നി-
യേകാന്തരാത്രി വീണ്ടും പുലരുവോളം
ആ വഴിവക്കിൽത്തന്നെ,യാവഴിമുക്കിൽതന്നെ-
യാവിധം നിന്നു ഹാ ഞാൻ നോക്കി നിന്നെ!
എന്നിട്ടും നിന്നെക്കാത്തുനിന്നിട്ടും, നിർദ്ദയേ, നീ
വന്നില്ലൊന്നതുവഴി, മടങ്ങി വീണ്ടും!

തന്നിഷ്ടക്കാരിയല്ലേ, മറ്റൊരു മാർഗ്ഗമായി-
ട്ടെന്നെക്കാണാതെ, നീയങ്ങൊളിച്ചുപോന്നു.
എന്നെങ്കിലുമെനിക്കും കിട്ടുമൊരവസരം
നിന്നെയുമിതുവിധം കബളിപ്പിക്കാൻ!
അന്നിതു,മിതിനുള്ള 'വാശി'യുമൊരുമിച്ചു
തന്നിടാം നിനക്കു ഞാൻ മതിയാവോളം!
ഇന്നു നീ ജയിച്ചുകൊൾ,കിന്നു നീ ചിരിച്ചുകൊൾ-
കൊന്നും ഞാൻ പറയുന്നില്ലോമലാളേ!!......

—·oo:o:oo—

Digitized By Kerala Sahitya Akademi

# വാളും കത്തിയും

കഷ്ടിച്ചൊരാറു വയസ്സു കാണും
മൊട്ടിട്ടു ബാല്യം ചിരിച്ചിതെന്നിൽ
അന്നു ഞാൻ ദർശിച്ച ലോകമല്ലീ
മുന്നിലിന്നെന്തിതിനെന്തു പററി?
പച്ചക്കിളികളത്തൈത്തമരങ്ങൾ
പട്ടിളംപുഷ്പങ്ങൾ, പൂമ്പാററകൾ,
ഇന്നിവയ്ക്കൊന്നിനും ഭംഗിയില്ലാ
കണ്ണിലമൃതം തളിപ്പതില്ല.
ആകട്ടെ, പോട്ടെ, ഞാനാളുമാറി
ലോകമെനിക്കു പഴഞ്ചനായി......

അച്ഛിന്നകൌതുകമാട്ടം കാണാ-
നച്ഛനന്നെന്നെയും കൊണ്ടുപോയി
മദ്ദളച്ചെണ്ടമേളങ്ങളൊത്തെൻ
ചിത്തവും തുള്ളിക്കളിച്ചുപോയി.
വേഷങ്ങൾ വന്നു......ഞാനെന്തറിഞ്ഞു?
തോഷമെന്നാലും പതഞ്ഞുറഞ്ഞു......
ഏറെക്കഴിഞ്ഞൊരു വാളുമായി-
ട്ടേതോ ഭയങ്കരൻ വന്നണഞ്ഞു.
രംഗത്തിൽ നിൽക്കുമൊരുത്തനുമാ-
യങ്ങിങ്ങുടനേ പിടിവലിയായ്.

Digitized By Kerala Sahitya Akademi

എന്മുഖം മങ്ങി...... വഴക്കത്തുക-
ണ്ടെന്നസ്പന്ദങ്ങൾക്കുൾക്കൂടി
പെട്ടെന്നവൻ വാൾ കഴുത്തിനോങ്ങി
വെട്ടി—യാപ്പാവം നിലംപതിച്ചു.

വാവിട്ടു കേണു ഞാ,നച്ഛനെന്നെ
വാരിയെടുത്തെങ്ങോ കൊണ്ടുപോയി.

അക്കാഴ്ചയിന്നുമൊന്നോർത്തിടുമ്പോ-
ളുൾക്കടഭീതിയൊന്നുത്ഭവിപ്പൂ.
എങ്കിലു,മിന്നതോടൊപ്പമായി
തങ്കിടുന്നുണ്ടൊരു ലജ്ജയെന്നിൽ!

അന്നൊരു നാളിലെൻ കൈമുറിഞ്ഞു,
ചെന്നിണം ചോർന്നു... ഹാ, ഞാൻ കരഞ്ഞു.

## 2

ഉച്ചസ്ഥമുമ്പൊരു വീട്ടിൽ ഞാന-
ന്നച്ഛനോടൊന്നിച്ചു ചെന്നുപറ്റി
കണ്ടു വെളുത്തു കൊഴുത്തു നല്ല-
രണ്ടു യുവസുന്ദരികളെ ഞാൻ.

എന്നെയച്ഛൻ മേശമേലിരുത്തി
തന്വംഗിമാരെന്നരികിലെത്തി.

എന്തൊക്കെയാണവർ ചോദിച്ചതെ-
ന്നന്തരംഗത്തിലിന്നോർമ്മയില്ല.

Digitized By Kerala Sahitya Akademi

അല്പസമയം കഴിഞ്ഞൊരുവ-
ളപ്പുറത്തേക്കെങ്ങോ വിട്ടുപോയി
അച്ഛനും ശേഷിച്ച സുന്ദരിയും
സ്വച്ഛന്ദമോരോ വിനോദമോതി.

പൊട്ടിച്ചിരിച്ചു രസിച്ചു—പൂച്ച-
ക്കുട്ടിയൊന്നപ്പോളവിടെയെത്തി.
ഞാനതിനെപ്പിടികൂടുവാനായ്
സാനന്ദം താഴോട്ടു ചാടുംമുമ്പേ,

എന്നിംഗിതമറി,ഞ്ഞാ ഭദ്രയാമ-
സ്സുന്ദരി വേഗമജ്ജന്തുവിനെ,
കയ്യിലെടുത്തെന്നരികിലായി-
പ്പയ്യവേ നിർത്തി—ഞാൻ തുഷ്ടനായി......

വാതിൽ തുറന്നു, മുറിക്കകത്താ-
ച്ചേതോഹരാംഗി കടന്നിതാദ്യം
പിന്നെയെന്നച്ഛനും വാതിൽ വീണ്ടും
മന്ദമടഞ്ഞു ഞാനേകനായി.

മാർജ്ജാരശ്ശൂരന്റെ ശുണ്ഠി കാണാൻ
വാച്ചകുതൂഹലമെന്മനസ്സിൽ
വാലിൽ പിടിച്ചു ഞാൻ മെയ്‌വളച്ചു
വാശിയോടാ ജന്തു ചീറിനിന്നു.

ഞാനതിൻ മൂക്കത്തു തൊട്ടു—മാന്താ-
നാണു വട്ടംകൂട്ടിടുന്നതിഷ്ടൻ.

Digitized By Kerala Sahitya Akademi

'അമ്പടാ' ഞാനിപ്പോൾ സമ്മതിക്കാം
വെമ്പി ഞാൻ വേറെ കുസൃതി കാട്ടാൻ.

അച്ഛമരിന്മേലൊരാണിയിന്മേൽ
കൊച്ചുകണ്ണാടിയെൻ കണ്ണിൽ പെട്ടു.

മറെറാരു പൂച്ചയായ് ശണ്ഠകൂട്ടാൻ
പററുമസ്സൂത്രമെന്നോർത്തുടനേ,

കണ്ണാടി ഞാനേററു കയ്യിലാക്കി
തിണ്ണമപ്പൂച്ചയോ ചാടിയോടി

എന്തിനിച്ചെയ്യും ഇരുന്നു വീണ്ടും
ചിന്താവിവശനായ് മേശമേൽ ഞാൻ.

8

ദൂരെ, ജനൽപ്പഴുതിങ്കലൂടെ
നേരിട്ടു കാണുന്ന നീലവാനിൽ

വെള്ളിയുരുകിയൊലിച്ച വെയ്‌ലിൽ
വെള്ളമേഘങ്ങളിഴഞ്ഞുപോയി.

വട്ടം പറന്നു പരുന്തവയെ
മുട്ടിയിടയ്ക്കൊന്നുരുമ്മിനോക്കി

കണ്ണരന്ധ്രത്തിൽത്തരിപ്പുകേററി
മണ്ണുമാന്തിക്കപ്പൽ ചൂളമിട്ടു.

കാണായ് ചലിപ്പതു പച്ചിലകൾ
കായലിൽനിന്നു വരുന്ന കാററിൽ!

Digitized By Kerala Sahitya Akademi

വാതിൽത്തുറന്നു—വരാംഗി പോയി
താതനെയൊന്നുവിളിച്ചപോയ് ഞാൻ
മിണ്ടാതവിടെയിരിക്കെകെന്നാ-
ണ്ടായതാജ്ഞ—ഞാൻ ശാന്തനായി.

കയ്യിലൊരു കൊടുംകത്തിയുമായ്
തയ്യലാളുണ്ടു വരുന്നു വീണ്ടും
പോവുകയാണു മുറിയിലേയ്ക്കാ-
പ്പൂവേണി—വാതിലടഞ്ഞു വീണ്ടും.

കത്തി!—തീയാളിയെൻ മാനസത്തിൽ-
ക്കത്തി!—ഞാൻ പേടിച്ചരണ്ടുപോയി.

ആട്ടത്തിലന്നു ഞാൻ കണ്ടതെല്ലാം
കൂട്ടമോടാർത്തെത്തിയെന്മനസ്സിൽ

അച്ഛനെക്കൊല്ലുവാൻ!—എന്തുചെയ്യും?
മജ്ജീവരക്തമുറഞ്ഞുപോയി.

നിശ്ചയമച്ഛനെക്കത്തിവീഴ്ത്തും
നിർദ്ദയം—നീറിയെൻ പിഞ്ചുചിത്തം

കാത്തിടുംതോറു,മടങ്ങിനിൽക്കാ-
താർത്തിയെന്നുള്ളിലിരച്ചുകേറി.

ചുണ്ടുവിറച്ചു, ജലം നിറഞ്ഞു
രണ്ടു നേത്രത്തിലും—ധൈര്യപൂർവ്വം

ചെററിടക്കൂടിയിരുന്നു, ഹാ, ഞാൻ...
പാററിടുന്നി,ല്ലതാ, മുന്നി,ലയ്യോ,

Digitized By Kerala Sahitya Akademi

രക്തത്തിൽ മുങ്ങിപ്പിടയ്ക്കുയാണെ-
ന്നച്ഛൻ!—ഞാൻ വാവിട്ടു കേണുപോയി.

"അച്ഛനെക്കൊല്ലല്ലേ, കൊന്നിടന്നെ-
ന്നച്ഛനെ,യച്ഛനെക്കൊല്ലരുതേ!"...

വാതിൽ തുറന്നു വരാംഗി വന്നു
വാലിയക്കാരനുമോടിവന്നു.

അച്ഛനുമപ്പുറത്തെത്തുപോയോ-
രച്ചെമ്പകാംഗിയും പാഞ്ഞെത്തി.

"എന്താണു കാര്യം?"—മരുത്തിലോമൽ-
ച്ചെന്തളിർപോൽ ഞാൻ വിറച്ചു നിൽപൂ.

പാതിതോൽചെത്തിയ മാമ്പഴവും
പാപമറിയാത്തോരക്കത്തിയും

ഓരോ കരത്തിൽ വഹിച്ചുകൊണ്ട-
ത്താരണിവേണി പകച്ചുനിൽപൂ.

അച്ഛനെക്കൊന്നില്ല—ഭാഗ്യമായി!
മച്ചിത്തതാരിലാശ്വാസമായി.

എല്ലാർക്കും കാര്യം മനസ്സിലായി
മല്ലാക്ഷി ലജ്ജാവനമ്രയായി

എങ്കിലും, കണ്ണുനീർ ധാരയായി-
ട്ടെൻകണ്ണിൽ നിന്നുമതിന്നിരുന്നു.

താന്തനാമെന്നെത്തൻതോളിലേന്തി-
സ്സാന്ത്വനിപ്പിച്ചു സസ്നേഹമച്ഛൻ.

Digitized By Kerala Sahitya Akademi

ചാംപേയകാംഗി വാത്സല്യപൂർവ്വം
മാമ്പഴം പൂളിയെനിയ്ക്കു തന്നു.
ഏങ്ങി ഞാൻ—ദുഃഖം ശമിച്ചു......ചെററും
മോങ്ങീല് പിന്നെ ഞാനെന്തു മൂഢൻ!

* * *

"ഭീരുത—ഭീഷണിയിപ്രകാരം
പോരും" വഴിയ്ക്കുച്ചണ്ണനുച്ചരിച്ചു.
"അമ്മയോടിക്കഥ മിണ്ടിയാൽ ഞാൻ
ചമ്മന്തിയാക്കും ചതച്ചു നിന്നെ!"......

* * *

മിണ്ടിയിട്ടില്ല,പിതൃശ്മശാനം
കണ്ടിടുമ്പോളിന്നെൻ കൺ നിറവൂ!!

Digitized By Kerala Sahitya Akademi

# രക്തരക്ഷസ്സ്

രക്തപ്രിയനാമൊരുഗ്രരക്ഷസ്സിന്റെ
ഗർജ്ജനം കേൾപ്പൂ പടിഞ്ഞാറുനിന്നു നാം.
കഷ്ടകാലത്തിൻ കരിനിഴൽച്ചാർത്തുപോ-
ലഷ്ടാശകളിലും മൂടുന്നു കൂരിരുൾ.
പാഷണ്ഡനാമപ്പിശാചുദ്വമിക്കുന്ന-
പാഷാണഗന്ധം പരക്കുന്നു ഭൂമിയിൽ.

പൊട്ടിത്തെറിക്കുന്നൊരാഗ്നേയപിണ്ഡങ്ങ-
ളട്ടഹസിക്കുന്നിതത്യന്തഘോരമായ്!
നഗ്നമാം പൈശാചികത്വം പ്രശാന്തിതൻ
ഭഗ്നഹൃദയം ദഹിപ്പിച്ചു വഹ്നിയിൽ!
ധർമ്മം കഴുത്തററു വീണു പിടക്കുന്നു
കർമ്മങ്ങൾ വർഷിച്ചു കാകോളനിർഝരം!
രക്തക്കളങ്ങൾ — പ്രപഞ്ചം മുഴുവനും
രക്തക്കളങ്ങൾ — കടുംനിണച്ചാലുകൾ!
പോര, വക്കുള്ളിൽ കബന്ധകമ്പളങ്ങൾ
ധീരയുവാക്കൾതൻ മുക്തശിരസ്സുകൾ!

കഷ്ടം! പിശാചേ, ശമിച്ചീലയോ നിന്റെ
രക്തദാഹം! ഹാ, ഭയങ്കരനാണു നീ!
നീതിയും ശാന്തിയും കൈകോർത്തു ശാശ്വത-
ശ്രീതാവുമാറെത്തി നൃത്തം നടത്തവേ,

Digitized By Kerala Sahitya Akademi

ഏതു പാതാളത്തിൽനിന്നാർത്തണഞ്ഞു നീ
കേതുവിൻ നൂതനഘോരാവതാരമേ!
ഭീകരസ്വപ്നംകണക്കെന്തിനെത്തി നീ
ലോകം മുടിക്കുന്ന കാളവേതാളമേ!
ഇല്ല, നിൻ സംഹാരതാണ്ഡവമേറെനാ-
ളില്ല—നിൻ കാൽതെറ്റി വീണിടാറായി നീ!

ചക്രവാളത്തിൽ മുഴങ്ങുന്നു നാരക-
നക്രമേ, നിന്റെ മരണമണിയൊലി.
ഉദ്ധതനാം നിന്റെ ചെങ്കുടർമാലകൾ
കൊത്തി വലിക്കാൻ കൊതിച്ചു കൊതിച്ചിതാ,
കൊക്കും പിളർത്തിച്ചിറകടിച്ചാർക്കുന്നു
വട്ടമിട്ടോരോ ചുടലക്കഴുകുകൾ.
നിൻതല കൊയ്തിടാൻ വെമ്പിടുന്നെപ്പൊഴും
സന്തപ്തയോധർതൻ സംഗ്രാമസിദ്ധികൾ!
നിന്നന്ത്യഗൽഗദം കേൾക്കാൻ കൊതിക്കുന്നു
കർമ്മഭൂലക്ഷ്മിതൻ കണ്ണുകളന്വഹം.
നിന്നസ്ഥിമാടം പടുക്കുവാൻ മുന്നിട്ടു
നിന്നിടുന്നു ഞങ്ങൾ സജ്ജശസ്ത്രാഗ്രിമർ!
ദൌഷ്ട്യസോപാനത്തിൽ വർത്തിച്ചിടും നിന്റെ
പട്ടട കൂട്ടുന്ന പുണ്യകർമ്മത്തിനായ്
ഞങ്ങൾതൻ ജീവരക്തത്തിലവസാന-
ബിന്ദുവും ഞങ്ങൾ സമർപ്പണം ചെയ്തിടും.

Digitized By Kerala Sahitya Akademi

ലോകസമാധാനസോമനെ മൂടുന്ന
കാർകൊണ്ടലേ നിന്നെയാട്ടിപ്പുറത്തുവാൻ
ഉൽക്കടശക്തിയോടാഞ്ഞു വീശീടുന്നൊ-
രിക്കൊടുങ്കാററിൽ വിറച്ചുതുടങ്ങി നീ!
മായികവൈഭവം വീശുന്നൊരാ നിന്റെ
മാരിവില്ലല്ലെങ്കിലെത്രനാൾ നില്ക്കുവാൻ?
ആസന്നമായ് നിനക്കന്ത്യം—ജഗത്തിന്റെ
ഭാസുരസുപ്രഭാതാഗമമാകയായ്!
വെന്നിക്കൊടിയുമുയർത്തിപ്പിടിച്ചുകൊ-
ണ്ടൊന്നിച്ചിതാ ഞങ്ങൾ നിൽപൂ സകൌതുകം!
മന്ദാരമാലയുമേന്തിജ്ജയലക്ഷ്മി
മന്ദാക്ഷപൂർവ്വം സമീപിപ്പൂ ഞങ്ങളെ.
തമ്പോറടിക്കട്ടെ ഞങ്ങൾ ജയത്തിന്റെ
തമ്പോറടിക്കട്ടെ ഞങ്ങളാത്തോത്സവം!
കാഹളമൂതട്ടെ ഞങ്ങൾ യശസ്സിന്റെ
കാഹളമൂതട്ടെ ഞങ്ങളാത്തോന്മദം!

Digitized By Kerala Sahitya Akademi

# കങ്കാളകേളി

ഹന്ത, വേണാടേ, നിനക്കു വന്നിട്ടുള്ളൊ-
രന്തരം കണ്ടിന്നു ലജ്ജിച്ചിടുന്നു ഞാൻ.
ഇത്രയുംകാലം നിരുപമശ്രീയുടെ
നൃത്തനികേതമായ് മിന്നി നീയെങ്കിലും,
ഇന്നു നിൻമുന്നിൽ നടക്കുന്നു ഹാ, വെറും
നിന്ദ്യമാം നിർല്ലജ്ജകങ്കാളകേളികൾ!
ആത്മസംസ്കാരദേവാലയശ്രീകോവി-
ലാദ്യം തുറന്നു നീയേകിയ വേളയിൽ
ചിത്രയുഗത്തിലെ സുപ്രഭാതം നോക്കി
മുക്തകണ്ഠം പ്രശംസിച്ചവനാണു ഞാൻ!
ആ നാവിനാൽത്തന്നെ നിന്നെ നിന്ദിയ്ക്കുവാ-
നാണിടയാക്കിയതല്ലനാൾകൊണ്ടു നീ!

ഭക്താച്ഛനോജ്ജ്വലവിഗ്രഹേ, നീയിന്നു
രക്തദാഹത്തിനാൽ നാക്കു നീട്ടുന്നുവോ?
പുൽത്തുമ്പിനുംകൂടി നോവു തട്ടീടാതെ
നൃത്തം നടത്തിയ നിൻപദംതന്നെയോ
ഇന്നുയരുന്നോതരുമക്കിടാങ്ങൾതൻ
കണ്ഠത്തലയോടടിച്ചുടച്ചീടുവാൻ?
പങ്കിലം, തൽച്ചുടുചെന്നിണത്തുള്ളികൾ
നിൻകാലടിയ്ക്കുന്നരക്കു ചാറായിതോ?

Digitized By Kerala Sahitya Akademi

അർഭകന്മാരെയടിച്ചുകൊന്നിട്ടു നീ-
യസ്ഥിഖണ്ഡം കോർത്തു മാല ചാർത്തുന്നുവോ?
ഭീകരം ഭീകരം!—ഹാ മതിയാക്കുകീ-
ലോകം മുടിക്കുന്ന വേതാളതാണ്ഡവം!
ചിത്രപ്രകാശപ്രസരത്തെ, നിർദ്ദയം
പൊത്തിപ്പിടിക്കും കൊടുംകാളമേഘമേ!
നീയാണു തട്ടിയുണർത്തിയതത്യന്ത-
നീരസജന്യമാമിക്കൊടുംകാററിനെ!
ഉന്നതസ്ഥാനത്തിഴഞ്ഞു പററിക്കൂടി
നിന്നിന്നു ഗർജ്ജിക്കുകയാണു നീയെങ്കിലും
ദൂരത്തടിച്ചു പറപ്പിക്കുമിച്ചണ്ഡ-
മാരുതൻ നിന്നെ—മദിച്ചിടായ്കേറെ നീ!
മാത്രയ്ക്കു മാത്രയ്ക്കു വർണ്ണം പകരുന്ന
ധൂർത്തരാമഞ്ചാറു പച്ചിലയോന്തുകൾ
ഒന്നിച്ചുചേർന്നു നിൻവൈഭവം വാഴ്ത്തിയാ-
ലിന്നാരു കേൾക്കാൻ?—വിഫലമീ വിഭ്രമം!

രക്തഗന്ധത്താൽ നിഷിദ്ധമായ്ത്തീർന്നിതോ
കഷ്ടമെൻനാട്ടിലെശ്ശുദ്ധാന്തരീക്ഷവും?
ധർമ്മം നിരന്തരം ഗായത്രി മന്ത്രിച്ച
പുണ്യാശ്രമത്തിൽ നരബലിഘോഷമോ?
ശാന്തിയോടക്കുഴലൂതിയലയുന്ന
പൂന്തോപ്പിനുള്ളിൽ കരുതിക്കളങ്ങളോ?

Digitized By Kerala Sahitya Akademi

ക്രൂരാധികാരമേ, നിൻ നീതിദണ്ഡമി-
ച്ചോരയിൽ മുക്കിച്ചുഴറ്റുന്നതെന്തു നീ?
ചിന്നിത്തെറിക്കുമിച്ചെന്നിണത്തുള്ളികൾ
ചെന്നു വീണീടും മണലിൻ മനസ്സിലും.
മായാതെ നില്ക്കും മദാന്ധതേ നിൻനിഴൽ
മായിലും നീ വിടും കാകോളമുദ്രകൾ
നാളെ നിന്നോർമ്മയിൽ മന്നിൻമനസ്സിൽനി-
ന്നാളിപ്പുകഞ്ഞു പടരും ജുഗുപ്സകൾ!
ലോകശാപങ്ങൾ നീ പോകും വഴികളിൽ
പാകുമെന്നെന്നും വിഷംതേച്ച മുള്ളുകൾ!
ഹാ, നിന്റെ ദീർഘസുഷുപ്തിയിൽക്കൂടിയും
കാണില്ലൊരു കൊച്ചുപൊൻകിനാവെങ്കിലും!
എന്നു നീയെങ്ങു തിരിയിലും നിന്നുന്നിൽ
നിന്നിടും നാനാകബന്ധസപത്രപികൾ!
പ്രാണൻപൊരിഞ്ഞു നീ ദാഹിച്ചു ദാഹിച്ചു
കേണു തളർന്നുഴന്നോടുന്ന വേളയിൽ
ചെന്നിണം നിന്നു തുളുമ്പും ചഷകങ്ങൾ
നിൻനേർക്കു നിർദ്ദയം നീട്ടിത്തരുമവർ!
വെല്ലുവിളിച്ചിടും നിന്നെയെന്നും നിന്നു
പല്ലിളിച്ചുംകൊണ്ടു രക്തരക്ഷസ്സുകൾ!
മുട്ടാതെ നിന്റെ ശവകുടീരത്തിന്നു
ചുറ്റുമലറും പുടലപ്പിശാചുകൾ!

Digitized By Kerala Sahitya Akademi

വിട്ടിട്ടു പോകുന്നതെന്തു നീ, നീതന്നെ
തട്ടിത്തകർത്ത കുറെത്തലയോടുകൾ?
കാലമവയെപ്പെറുക്കിയെടുത്തൊരു
മാലയായ് കോർക്കും ജഗത്തിനു കാണുവാൻ.
നാളത്തെ ലോകത്തിനിന്നു നീയാടിയ
നാടകത്തിൻെറ പൊരുളറിഞ്ഞീടുവാൻ—
വെമ്പിക്കിതച്ചുവന്നെത്തും ചരിത്രത്തി-
ലൻപോടു നിൻെറ തനിനിറം കാട്ടുവാൻ.

[അപൂർണ്ണം]

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# ചങ്ങമ്പുഴയുടെ കൃതികൾ.

| | | | | |
|---|---|---|---|---|
| 1. | രമണൻ | 1 | 8 | 0 |
| 2. | ദേവഗീത | 2 | 0 | 0 |
| 3. | സ്പന്ദിക്കുന്ന അസ്ഥിമാടം | 2 | 0 | 0 |
| 4. | അപരാധികൾ | 1 | 0 | 0 |
| 5. | ദിവ്യഗീതം | 1 | 8 | 0 |
| 6. | ഓണപ്പൂക്കൾ | 1 | 0 | 0 |
| 7. | ബാഷ്പാഞ്ജലി | 1 | 8 | 0 |
| 8. | രക്തപുഷ്പങ്ങൾ | 1 | 4 | 0 |
| 9. | സങ്കല്പകാന്തി | 1 | 4 | 0 |
| 10. | ആകാശഗംഗ | 1 | 0 | 0 |
| 11. | കളിത്തോഴി | 2 | 8 | 0 |
| 12. | വത്സല | 0 | 8 | 0 |
| 13. | ആരാധകൻ | 0 | 8 | 0 |
| 14. | മോഹിനി | 0 | 8 | 0 |
| 15. | ദേവത | 0 | 8 | 0 |
| 16. | തിലോത്തമ | 0 | 8 | 0 |
| 17. | കലാകേളി | 0 | 12 | 0 |
| 18. | ശ്രീതിലകം | 1 | 0 | 0 |
| 19. | ചൂഡാമണി | 1 | 0 | 0 |
| 20. | കരടി | 0 | 8 | 0 |
| 21. | വിവാഹാലോചന | 0 | 8 | 0 |
| 22. | അനശ്വരഗാനം | 0 | 8 | 0 |
| 23. | യവനിക | 1 | 8 | 0 |
| 24. | ഹേമന്തചന്ദ്രിക | 1 | 8 | 0 |
| 25. | സാഹിത്യചിന്തകൾ | 1 | 0 | 0 |
| 26. | പ്രതികാരദുർഗ്ഗ | 2 | 8 | 0 |
| 27. | പെല്ലീസും മെലിസാന്ദയും | 1 | 8 | 0 |
| 28. | മാനസാന്തരം | 1 | 8 | 0 |
| 29. | ദേവയാനി | 0 | 8 | 0 |
| 30. | നിർവൃതി | 0 | 8 | 0 |
| 31. | മൗനഗാനം | 1 | 0 | 0 |
| 32. | നവഭാവന (ശ്രീദേവി ചങ്ങമ്പുഴ) | 0 | 8 | 0 |
| 33. | കല്ലോലമാല | 1 | 4 | 0 |
| 34. | പാടുന്ന പിശാച് (അച്ചടിയിൽ) | | | |
| 35. | ഇടപ്പള്ളി രാഘവൻപിള്ളയുടെ എല്ലാ കൃതികളും കൂടി ഒരു വാല്യത്തിൽ | 5 | 0 | 0 |

**മംഗളോദയം ലിമിറ്റഡ്, തൃശ്ശിവപേരൂർ.**

Digitized By Kerala Sahitya Akademi